**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1543** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഇംഗ്ലീഷ് അദ്ധ്യാപകരുടെ താത്ക്കാലിക നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഒരു ഡിവിഷൻ മാത്രമുള്ള ഗവ. ഹൈസ്കൂളുകളിൽ ഇംഗ്ളീഷ് വിഷയം പഠിപ്പിക്കുന്നതിന് കഴിഞ്ഞ അദ്ധ്യയന വർഷം താത്ക്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയോഗിച്ചിരുന്നത് ഉചിതമായിരുന്നു എന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | 03, 04 ഡിവിഷനുകൾ മാത്രമുള്ള സർക്കാർ/ എയ്ഡഡ് ഹൈസ്കൂളിലാണ് 2022-23 വർഷത്തേയ്ക്ക് മാത്രം എച്ച്.എസ്.ടി (ഇംഗ്ലീഷ്) അദ്ധ്യാപകരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുവാൻ അനുമതി നൽകിയിരുന്നത്. അപ്രകാരം നിയമിച്ചത് കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാ പഠനത്തിന് ഗുണകരമായിരുന്നു. |
| (ബി) | ഈ അദ്ധ്യയന വർഷവും പ്രസ്തുത സ്കൂളുകളിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ഇംഗ്ളീഷ് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. 2023-24 ലെ തസ്തിക നിർണ്ണയം പൂർത്തീകരിക്കുന്നതിന് 2023 സെപ്റ്റംബർ 8 വരെ സമയം അനുവദിച്ചിട്ടുണ്ട്. ആയതിന് ശേഷമേ ഇപ്രകാരം എത്ര അധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നുള്ള കൃത്യമായ വിവരം ക്രോഡീകരിക്കാനാവുകയുള്ളൂ. |
| (സി) | നടപടി സ്വീകരിച്ചു എങ്കിൽ എത്ര അദ്ധ്യാപകരെ ഇപ്രകാരം നിയമിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശം നൽകാമോ? | (സി) | നടപടി സ്വീകരിക്കുന്നതാണ്. 2023-24 ലെ തസ്തിക നിർണ്ണയം പൂർത്തീകരിക്കുന്നതിന് 2023 സെപ്റ്റംബർ 8 വരെ സമയം അനുവദിച്ചിട്ടുണ്ട്. ആയതിന് ശേഷമേ ഇപ്രകാരം എത്ര അധ്യാപകരെ നിയമിച്ചിട്ടുണ്ടെന്നുള്ള കൃത്യമായ വിവരം ക്രോഡീകരിക്കാനാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ